

ചലചിത്രകാരൻ ജോൺ എബ്രഹാം നമ്മെ വിട്ടുപിരിഞ്ഞിട്ട് രണ്ട് പതിറ്റാണ്ടുകൾ പിന്നിടുന്ന വേളയിൽ ജോണിനെക്കുറിച്ച് 'നിങ്ങളുടെ വിശ്വസ്തൻ ജോൺ' എന്ന പേരിൽ ഒരു ഡോക്യുമെന്ററി പുറത്തിറങ്ങിയിരിക്കുന്നു.

# ജോണിനെ കണ്ടുവോ?

ശരത്

ജോണിനെ ഓർമ്മിക്കുക എന്നത് എത്ര ശ്രമകരമാണ്. ഒരു കാലഘട്ടത്തിലെ രാഷ്ട്രീയ-സാമൂഹിക-വ്യക്തി ജീവിതങ്ങളിലെ പൊള്ളത്തരങ്ങളോട് ഭാവനാത്മകമായി കലഹിച്ച ജോണിന്റെ ചലചിത്രജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുക എത്ര ആയാസകരമാണ്. എന്തെല്ലാം ചരിത്രസംഘർഷങ്ങളും രാഷ്ട്രീയ പാഠങ്ങളുമാണ് വരുംനാളുകൾക്കായി ആ ജീവിതം അറിഞ്ഞും അറിയാതെയും കരുതിവെച്ചിരുന്നത്. ജോണിന്റെ ഈ നിഷേധജീവിതത്തിന്റെ ഉള്ളറകളിലേക്കുള്ള ഒരു സ്നേഹസഞ്ചാരമാണ് ശരത്ചന്ദ്രന്റെ പുതിയ ഡോക്യുമെന്ററി ചിത്രമായ 'നിങ്ങളുടെ വിശ്വസ്തൻ ജോൺ.' ജോണിന്റെ രചനകളിലേക്ക്, നർമ്മങ്ങളിലേക്ക് ജോണിന്റെ സുഹൃത്തുക്കളുടെ സംഭാഷണങ്ങളിലൂടെ കടന്നുചെന്ന് നമ്മളറിഞ്ഞതും അറിയാത്തതുമായ ജോണിനെ ശരത് ഫ്രെയിമുകളിൽ നിറയ്ക്കുന്നു. ജോണിന്റെ കലാസൃഷ്ടികളിൽ പങ്കാളികളായവരും അദ്ദേഹത്തിന്റെ സൃഷ്ടിപരമായ പ്രവർത്തനങ്ങളെ അടുത്ത് നിന്ന് വീക്ഷിച്ചവരും ജോണനുഭവങ്ങൾ ഡോക്യുമെന്ററിയിൽ പങ്കുവെയ്ക്കുന്നു.

ജോണിന്റെ അഭിനേതാക്കളായിരുന്ന നെടുമുടി വേണുവും, കവിയൂർ പൊന്നമ്മയും, ജോയ് മാത്യുവും, ഹരിനാരായണനും, അഗ്രഹാരത്തിലെ കഴുതയുടെ തമിഴ് സംഭാഷണരചയിതാവ് വെങ്കിട് സ്വാമിനാഥനും, ടി. ശശിധരൻ, അടൂർ ഗോപാലകൃഷ്ണൻ, കെ.പി. കുമാരൻ, സി.എസ്. വെങ്കിടേശ്വരൻ, കെ.എൻ. ഷാജി, ടി.വി. ചന്ദ്രൻ, ചിന്ത രവി, നീലൻ, ഐ. ഷൺമുഖദാസ്, മധു മാസ്റ്റർ, കെ.ജി. ജോർജ്ജ് തുടങ്ങിയ നിരവധി പേർ ജോണിനോടൊത്തുള്ള സർഗ്ഗാനുഭവങ്ങൾ ഡോക്യുമെന്ററിയിൽ പങ്കുവെയ്ക്കുന്നു. ജോണിന്റെ സിനിമയ്ക്ക് മുമ്പുള്ള ജീവിതത്തിൽ നിന്നാരംഭിക്കുന്ന ഡോക്യുമെന്ററി പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ജോണിന്റെ ജീവിതകാലത്തിലൂടെ കടന്ന് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡിപ്ലോമ സിനിമയായ 'പ്രിയ', പിന്നെ ആദ്യ സ്വതന്ത്ര ചലചിത്ര സംരംഭങ്ങളായ 'വിദ്യാർത്ഥികളെ ഇതിലെ ഇതിലെ', 'അഗ്രഹാരത്തിൽ കഴുതൈ', 'ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ', 'അമ്മ അറിയാൻ' തുടങ്ങിയ സിനിമകളും 'നായ്ക്കളി' എന്ന നാടകവും 'കയ്യൂർ' എന്ന നാടക്കാതെ പോയ ജോണിന്റെ ചലചിത്ര ശ്രമവും കേരളത്തിന്റെ സാമൂഹ്യ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അപഗ്രഥനം ചെയ്യുന്നു.

അമ്പതിലധികം പേരുടെ സംഭാഷണങ്ങൾ ഉൾപ്പെടുത്തിയ നൂറുമിനുട്ട് ദൈർഘ്യമുള്ള ഡോക്യുമെന്ററി ശരത് ചന്ദ്രന്റെ എട്ടുവർഷത്തിലധികം നീണ്ടുനിന്ന ശ്രമങ്ങളുടെ ഫലമാണ്. കറുപ്പിലും വെളുപ്പിലും നിർമ്മിച്ചിട്ടുള്ള ഈ ചിത്രം ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ നൂതന സാധ്യതകളെ മനോഹരമായി സമന്വയിപ്പിച്ചിട്ടുണ്ട്. കൂടാതെ, ദൂരദർശൻ ജോണുമായി നടത്തിയ അഭിമുഖവും ആനന്ദ് പട്‌വർദ്ധനും ജോണും തമ്മിൽ നടന്ന സംഭാഷണത്തിന്റെ ദൃശ്യങ്ങളും ജോണും സുഹൃത്തുക്കളും തമ്മിൽ നടത്തിയ സംഭാഷണങ്ങളുടെ ശബ്ദരേഖയും ഡോക്യുമെന്ററി നൽകുന്ന ജോണനുഭവങ്ങളെ ജീവനുള്ളതാക്കുന്നു.

അപൂർവ്വതകളേറെയുള്ള, സാമൂഹ്യപ്രാധാന്യമേറിയ ജോണിന്റെ ചിത്രങ്ങളിൽ നിന്നുള്ള ചില ദൃശ്യങ്ങളും ഉചിതമായി സന്നിവേശിപ്പിക്കുക വഴി ഡോക്യുമെന്ററി ജോണിന്റെ രചനാ വൈഭവത്തെയും സർഗപരതയെയും ചലചിത്രപ്രേമികൾക്ക് പകർന്നു നൽകുന്നു. സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും അനുഭവങ്ങളിലൂടെ ജോണിനെ കണ്ടെത്താൻ ശ്രമിച്ച ശരത്തിന്റെ വഴി ചലചിത്രം പോലൊരു

മാധ്യമത്തെ സാമൂഹിക-രാഷ്ട്രീയ ചരിത്രത്തിന്റെ ഭാഗമായി അറിയാൻ ശ്രമിച്ച ഒരു കലാപരിപാടിയുടെ ജീവിതത്തെ അറിയാനും അറിയിക്കാനുമുള്ള ഉചിതമായ മാർഗ്ഗം തന്നെയാണെന്ന് 'നിങ്ങളുടെ വിശ്വസ്തൻ ജോൺ' സ്ഥിതീകരിക്കുന്നു.

ജോണിനെ കുറിച്ച് പറയുന്നതെന്തും ചരിത്രത്തെ കുറിച്ചുള്ള വർത്തമാനങ്ങൾ കൂടിയാണ്. ജോണിൽ അത്രത്തോളം ചരിത്രമുണ്ട്, രാഷ്ട്രീയും. ജോണിനെ അന്വേഷിക്കുക വഴി ശരത്തിന്റെ ഡോക്യുമെന്ററി നമ്മൾ മറന്നുകൂടാത്ത എത്രയെത്ര ചരിത്ര സംഭവങ്ങളിലൂടെയാണ് കടന്നുപോകുന്നത്. സമകാലീന സാമൂഹിക പശ്ചാത്തലത്തിൽ ജോണിനെ പോലെയൊരു വിഗ്രഹഭഞ്ജകനിലൂടെ തന്നെ ഈ ചരിത്രത്തെ ഓർക്കാൻ കഴിയുന്നത് ചരിത്രത്തിന്റെ തന്നെ ഒരാവശ്യകതയാകാം. അഗ്രഹാരത്തിലെ കഴുതയിലൂടെ ജാതിവ്യവസ്ഥയുടെ പ്രശ്നങ്ങളും, ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങളിലൂടെ സാമൂഹിക മാറ്റങ്ങളോടുള്ള മധ്യവർഗ്ഗത്തിന്റെ ഭയവിഹ്വലതകളും അമ്മ അറിയാനിലെ വിദ്യാഭ്യാസ സ്വകാര്യവത്ക്കരണത്തിനെതിരെയുള്ള മെഡിക്കൽ വിദ്യാർത്ഥികളുടെ സമരവും തൊഴിലാളി നേതൃത്വങ്ങളുടെയും ചെറുപ്പക്കാരുടെയും നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ജനകീയ പ്രതിരോധങ്ങളും ശരത്തിന്റെ ഡോക്യുമെന്ററിയിലൂടെ വീണ്ടും കാണുമ്പോൾ ജോൺ ഉന്നയിച്ചിടത്തുനിന്നും നമ്മുടെ സാമൂഹിക അവസ്ഥ എവിടേയ്ക്ക് പോയി എന്ന ചരിത്ര-വർത്തമാന വായനയ്ക്കുള്ള സാധ്യതകളും 'നിങ്ങളുടെ വിശ്വസ്തൻ ജോൺ' തുറന്നിടുന്നു. 'ജോണുണ്ടായിരുന്നെങ്കിൽ' എന്ന വേദനയല്ല ജോണിനുപകരം ജോൺ മാത്രം എന്ന യാഥാർത്ഥ്യമാണ് ഡോക്യുമെന്ററിയും സംവദിക്കുന്നത്. കല്പറ്റ നാരായണന്റെ രണ്ട് ജോൺവരികൾ കൂടി ഓർക്കുന്നതോടെ ജോണിനോളം ജോൺ മാത്രമെന്ന നഷ്ടം പൂർണ്ണമാകുന്നു.

"അവൻ കഴുതപ്പുറത്താണ് വന്നത്, പോയതും"

ബന്ധങ്ങൾക്ക്: സി. ശരത്ചന്ദ്രൻ,
101, നോർത്ത് ഫോർട്ട് ഗാർഡൻ,
തൃപ്പൂണിത്തുറ, എറണാകുളം.
ഫോൺ :9446426433

ഡി.ടി.പി. ഓപ്പറേറ്ററെ ആവശ്യമുണ്ട്
ആകർഷകമായ ശമ്പളം. ഉടൻ
ബന്ധപ്പെടുക : 9446576943
കേരളീയം,
കൊക്കാലെ, തൃശൂർ-21

● **തോന്നൽ - 6**

വന്യജീവി ഫോട്ടോഗ്രാഫർ **എൻ.എ. നസീർ** നടത്തിയ കാടൻ യാത്രകളിലെ ചില വന്യചിന്തകൾ

# കാട്ടിലെ ഫോട്ടോഗ്രഫി



'കച്ചവടതാൽപ്പര്യമൊ അത്യാർത്തിയോ ഭയമോ, ഉൽകണ്ഠയോ തെല്ലുമില്ലാതെ, കാടിന്റെ ആത്മാവിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ അവർണ്ണനീയമായ ഒരനുഭൂതിയിലേക്ക് നാം എത്തപ്പെടുന്നു. അതൊരു ധ്യാനാവസ്ഥയാണ്. അപ്പോൾ മനസിനകത്തളങ്ങളിൽ അടുത്ത് സംഭവിക്കുവാൻ പോകുന്ന ചില കാഴ്ചകൾ ഒരു വെളിപാടുപോലെ കാട് മുൻകൂട്ടി കാട്ടിത്തരുന്നു.
പിന്നെ നാം ക്യാമറയുമായി കാട്ടിലേയ്ക്ക് പ്രവേശിക്കുമ്പോൾ അത് സംഭവിക്കുകയായി.'

•••

'കാട്ടിൽ നിന്നും എടുക്കുവാൻ മാത്രമല്ല നാം ശീലിക്കേണ്ടതുള്ളത്, കാടിന് തിരികെ കൊടുക്കുവാനും നാം ശീലിക്കണം. എന്നാലെ കാട് നമ്മൾക്ക് നിറയെ തരൂ.'

•••

'ഫോട്ടോഗ്രാഫർമാരിൽ പലരും ഒരു ഫ്രെയിം പണിത്, അതിനുള്ളിൽ ഒതുങ്ങിക്കൂടിയിരിക്കുകയാണ്. ഒരു ഫ്രെയിമിലൂടെ മാത്രമായി നാം കാടിനെ കാണരുത്. നമ്മുടെ ഫ്രെയിമിനുമപ്പുറമാണ് കാടെന്ന അത്ഭുതം. ഫ്രെയിമിനകത്ത് ഒതുങ്ങികൂടിയവർ ഫ്രെയിം മാത്രമേ കാണുകയുള്ളൂ. അവർക്ക് കാടെന്തെന്നു അറിയുവാനൊ, കാണുവാനൊ കാടിനെ അനുഭവിക്കാനൊ കഴിയാതെ പോകുന്നു.'

•••

'കാട്ടിലൂടെയുള്ള സഞ്ചാരത്തിൽ നാം കാടിന്റെ ഭാഗമായി തീരുകയാണ് വേണ്ടത്. കാടിനെ ദ്രോഹിക്കുന്ന മനസുമായി കാടുകയറുന്നവർക്ക് തിരിച്ചടി ഉറപ്പാണ്.

*നടുവിലകത്ത് വീട്, പള്ളിപോർട്ട് പി.ഒ., എറണാകുളം.*
*Ph : 9446993936, naseerart@hotmail.com*